KSEB

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/General/2024

തീയതി: 04.04.2024

## പരിപത്രം

വിഷയം : കെ.എസ്.ഇ.ബി.എൽ -ന്റെ എല്ലാ കാര്യാലയങ്ങളുടെ പരിസരങ്ങളിൽ നിന്നും സംഘടനാ പോസ്റ്ററുകൾ, ബാനറുകൾ, കൊടിമരങ്ങൾ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന – 1. കേരള സർക്കാരിന്റെ 28.11.2012 ലെ 6920/എ.ആർ/13 (2)/2012/ഉ.ഭ.പ.വ നമ്പർ സർക്കുലർ.
2. കേരള സർക്കാർ ഊർജ്ജ (സി) വകുപ്പ്- ന്റെ 08.03.2024 ലെ സി3/94/2024/ ഊർജ്ജം നമ്പർ കത്ത്.

സൂചന (2) പ്രകാരം ഊർജ്ജ (സി) വകുപ്പിൽ നിന്നും ലഭിച്ച കത്തിൽ സർക്കാർ ഓഫീസുകളിലും പരിസരത്തും പൊതു ജനങ്ങൾക്ക് അസൗകര്യമായി സർക്കാർ ഉദ്യോഗസ്ഥരുടെ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പോസ്റ്ററുകളും, ഫ്ലക്സുകളും, കൊടിമരങ്ങളും സ്ഥാപിച്ചിട്ടുള്ളത് എടുത്തു നീക്കാൻ കർശന നിർദ്ദേശം നൽകിക്കൊണ്ട് സൂചന (1) പ്രകാരമുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, കെ.എസ്.ഇ.ബി.എൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം പ്രസ്തുത സർക്കുലറിലെ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ -ന്റെ എല്ലാ കാര്യാലയങ്ങളിലും നടപ്പിലാക്കുവാൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓഫീസ് പരിസരത്ത് പോസ്റ്ററുകളും പരസ്യങ്ങളും പതിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.
2. പോസ്റ്ററുകൾ സ്ഥാപിക്കുന്നതിന് നിശ്ചിത സ്ഥലം (designated place) കണ്ടെത്തി സംഘടനകൾക്ക് അനുവദിക്കുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
3. നോട്ടീസ് വിതരണം, ആശയപ്രസരണം എന്നിവ ഓഫീസ് പ്രവർത്തനത്തിന് തടസ്സമുണ്ടാക്കാതെ ഇടവേള സമയത്ത് തന്നെ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
4. കൊടിമരങ്ങൾ ഓഫീസിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത സ്ഥലത്തുതന്നെ സ്ഥാപിക്കേണ്ടതാണ്.
5. ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് അതാത് വകുപ്പ് മേധാവികൾ നടപടി എടുക്കേണ്ടതാണ്.

**ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അടയന്തിരമായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.**

**സബിത എസ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി, എസ്.സി.എം & ഐ.റ്റി)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & പ്ലാനിംഗ്)/ ടി. എ ടു ഡയറക്ടർ (ജനറേഷൻ, സിവിൽ)/ടി. എ ടു ഡയറക്ടർ (ജനറേഷൻ - ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.